മെഗാവാട്ട്) എന്നിവയാണ്. ഇതുകൂടാതെ കോഴിക്കോട് ഡീസൽ നിലയവും ടേൺ കീ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. ഒ.ഇ.സി.എഫ് (ജപ്പാൻ) ന്റെ ധനസഹായത്തോടുകൂടി അഞ്ച് സബ് സ്റ്റേഷനുകളുടെ പണി ടേൺ കീ അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇവ

(1) 66 കെ.വി. വട്ടിയൂർക്കാവ്

(2) 110 കെ.വി. കുറ്റിപ്പുറം

(3) 110 കെ.വി. മല്ലപ്പള്ളി

(4) 110 കെ.വി. ഇരിങ്ങാലക്കുട

(5) 110 കെ.വി. വലപ്പാട് എന്നിവയാണ്.

(സി) അതിരപ്പള്ളി ജലവൈദ്യുത പദ്ധതി, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ എന്നീ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വൈദ്യുതി ബോർഡ് ആണ്. ഇവ അംഗീകരിച്ചത് ബോർഡാണ്. കോഴിക്കോട് ഡീസൽ നിലയത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 'പ്രീമിയർ എനർജി ടെക്നോളജീസ്, ഡെൽഹി' ആണ് അംഗീകാരം നൽകിയത് ബോർഡാണ്. അഞ്ച് സബ് സ്റ്റേഷനുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയത് വൈദ്യുതി ബോർഡാണ്. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, ന്യൂഡെൽഹി ഈ എസ്റ്റിമേറ്റിന് അംഗീകാരം നൽകി.

(ഡി) ഉണ്ട്. കോഴിക്കോട് ഡീസൽ വൈദ്യുത നിലയം

(ഇ) പ്രീമിയർ എനർജി ടെക്നോളജീസ്, ഡെൽഹി ആണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

(എഫ്) പരിശോധിച്ചിട്ടുണ്ട്.

(ജി) 391.11 കോടി രൂപ.

134 (278) കെ.എസ്.ഇ.ബി.യുടെ ചീഫ് ഇന്റേണൽ ആഡിറ്ററുടെ അധികാരാവകാശങ്ങൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ചീഫ് ഇന്റേണൽ ഓഡിറ്ററുടെ അധികാരാവകാശങ്ങൾ എന്തെല്ലാമാണ്;

(ബി) ഇദ്ദേഹം ബോർഡിന്റെ സ്ഥിരം സർവ്വീസിലുള്ള ഉദ്യോഗസ്ഥനാണോ;

(സി) അല്ലെങ്കിൽ പ്രസ്തുത നിയമനത്തിന്റെയും ഉദ്യോഗത്തിന്റെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കോടിക്കണക്കിന് രൂപയുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി.യുടെ കരാർ പർച്ചേസ് ഇടപാടുകളിൽ ഇത്തരം താൽക്കാലിക ഉദ്യോഗസ്ഥർക്ക് നൽകുന്ന അധികാരം പുനഃപരിശോധിക്കാനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചീഫ് ഇന്റേണൽ ഓഡിറ്ററുടെ അധികാരാവകാശങ്ങൾ താഴെ പറയുന്നവയാണ്.

1. എസ്റ്റാബ്ലിഷ്മെന്റ് ആഡിറ്റ്
2. ഗസറ്റഡ് ഓഫീസേഴ്സ് ആഡിറ്റ്
3. വർക്ക് ആഡിറ്റ്
4. ഫീൽഡ് & പാർട്ടി ആഡിറ്റ്
5. റസിഡന്റ് കൺകറന്റ് ഓഡിറ്റ്
6. ആഡിറ്റ് സെല്ലിന്റെ കൺട്രോൾ
7. എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങളിൽ ഉപദേശവും അഭിപ്രായവും
8. ആഡിറ്റ് കാറിയ്ക്കുള്ള മറുപടി
9. എ.ജി.യുമായി ബന്ധപ്പെട്ട കാര്യങ്ങൾ
10. ഇ.ബി.എ. റിവ്യൂ
11. പേ ഫിക്സേഷൻ ആഡിറ്റ്
12. ഐ.പി.സി. ആന്റ് ബി.ഡി.യ്ക്കുള്ള സാമ്പത്തികോപദേശം

(ബി) അല്ല

(സി) 17-9-1997 തീയതിയിലെ മെമ്മോ നം. എസ്റ്റാ. IV/3121/97 പ്രകാരം കോൺട്രാക്ട് വ്യവസ്ഥയിലാണ് ടി നിയമനം നടത്തിയിട്ടുള്ളത്. പ്രസ്തുത നിയമനം 1/10 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(ഡി) കരാർ പർച്ചേസ് ഇടപാടുകളിൽ സ്വതന്ത്ര അധികാരം നൽകിയിട്ടില്ല.

135 (279) കെ.എസ്.ഇ.ബി.യിലെ നിയമനം സംബന്ധിച്ച്

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇവരുടെ സംവരണക്രമം റാങ്ക് ലിസ്റ്റു പ്രകാരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടും അഡ്വൈസ് അയയ്ക്കാത്ത എത്ര ഒഴിവുകളുണ്ട്; ഇവയിൽ എൻ. ജെ.ഡി. ഒഴിവുകൾ ഓരോ വിഭാഗത്തിലും എത്രവീതമെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഇനിയും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly